# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

### 2016 ജൂൺ 3, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 162 - നമ്പർ 2

വില : ₹ 20

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

2016 ജൂൺ 3, വെള്ളി

പ്രോട്ടെം സ്പീക്കർ
**ശ്രീ. എസ്. ശർമ്മ**

സെക്രട്ടറി-ഇൻ-ചാർജ്ജ്
**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


| | പേജ് |
|---|---|
| സ്പീക്കർ തെരഞ്ഞെടുപ്പ് | 4 |

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2016 ജൂൺ 3, വെള്ളി*

വാല്യം 162] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2016 ജൂൺ മാസം 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് ബഹുമാനപ്പെട്ട പ്രോട്ടെം സ്പീക്കർ ശ്രീ. എസ്. ശർമ്മയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### സ്പീക്കർ തെരഞ്ഞെടുപ്പ്

പ്രോട്ടെം സ്പീക്കർ (ശ്രീ. എസ്. ശർമ്മ): ഓർഡർ.......ഓർഡർ.....നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് രണ്ട് അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. വി. പി. സജീന്ദ്രൻ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ എന്നിവരാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ. ശ്രീ. വി. പി. സജീന്ദ്രനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള രണ്ട് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. രമേശ് ചെന്നിത്തല നിർദ്ദേശിക്കുകയും ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടി പിന്താങ്ങുകയും ശ്രീ. ഉമ്മൻ ചാണ്ടി നിർദ്ദേശിക്കുകയും ശ്രീ. കെ. എം. മാണി പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. വി. പി. സജീന്ദ്രനുവേണ്ടിയുള്ള പത്രികകൾ. ശ്രീ. പി. ശ്രീരാമകൃഷ്ണനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള മൂന്ന് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. എ. കെ. ബാലൻ നിർദ്ദേശിക്കുകയും ശ്രീ. എ. കെ. ശശീന്ദ്രൻ പിന്താങ്ങുകയും ശ്രീ. ഇ. ചന്ദ്രശേഖരൻ നിർദ്ദേശിക്കുകയും ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പിന്താങ്ങുകയും ശ്രീ. ഇ. പി. ജയരാജൻ നിർദ്ദേശിക്കുകയും ശ്രീ. മാത്യൂ ടി. തോമസ് പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. പി. ശ്രീരാമകൃഷ്ണനു വേണ്ടിയുള്ള പത്രികകൾ. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ സ്പീക്കർ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ സഭ വോട്ടെടുപ്പിലൂടെ സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ ശ്രീ. വി. പി. സജീന്ദ്രന്റെ പേര് ആദ്യത്തേതായും ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ പേര് രണ്ടാമത്തേയും

അച്ചടിച്ചിട്ടുണ്ട്. നിയമസഭാംഗങ്ങൾ തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർത്ഥിയുടെ പേരിനുനേരെ ഒരു ഗുണനചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തേണ്ടതാണ്. ഗുണന ചിഹ്നമല്ലാത്ത മറ്റ് അടയാളങ്ങളിട്ട് വോട്ട് രേഖപ്പെടുത്തിയാൽ പ്രസ്തുത ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കുന്നതാണ്. നിയമസഭാംഗങ്ങളുടെ പേര് സെക്രട്ടറി (ഇൻ-ചാർജ്) ഇപ്പോൾ വിളിക്കുന്നതായിരിക്കും. ഓരോ അംഗവും തൽസമയം അദ്ധ്യക്ഷവേദിക്ക് സമീപം വന്ന് ഏതെങ്കിലും ഒരു ബൂത്തിൽ വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടരാകണമെന്ന് അഭ്യർത്ഥിക്കുന്നു. ആദ്യത്തെ പ്രാവശ്യം പേര് വിളിക്കുമ്പോൾ സഭയിൽ ഹാജരില്ലാത്ത അംഗങ്ങൾക്ക് പോൾ അവസാനിക്കുന്നതായി പ്രഖ്യാപിക്കുന്നതിനു മുമ്പ് സഭയിൽ ഹാജരാകുന്നപക്ഷം വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്നതാണ്. വോട്ടെടുപ്പിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കുന്നതിനായി അംഗങ്ങൾ ബാലറ്റിൽ മാർക്ക് ചെയ്യുന്നത് മാധ്യമങ്ങൾ ക്യാമറ സൂം ചെയ്ത് എടുക്കരുത്. പ്രത്യേകിച്ച് ഒന്നുകൂടി ഓർമ്മപ്പെടുത്താനുള്ളത്, ആർക്കാണോ വോട്ട് ചെയ്യാനുദ്ദേശിക്കുന്നത് ആ സ്ഥാനാർത്ഥിയുടെ പേരിന് നേരെ ഗുണനചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തേണ്ടതാണ്. ഗുണനചിഹ്നമല്ലാത്ത മറ്റ് അടയാളങ്ങളിട്ട് വോട്ട് രേഖപ്പെടുത്തിയാൽ ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കുന്നതാണ്.

[വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി (ഇൻ-ചാർജ്) ശ്രീമതി പി. ജയലക്ഷ്മി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ മുതൽ ഇരിപ്പിട ക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീ. വി. പി. സജീന്ദ്രൻ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ എന്നിവർ വോട്ടെടുപ്പിൽ പങ്കെടുക്കുകയുണ്ടായി.]

<u>പ്രോട്ടെം സ്പീക്കർ</u>: ഇനി ആരും വോട്ട് ചെയ്യാനില്ലല്ലോ, കൗണ്ടിംഗ് ആരംഭിക്കുകയാണ്. ഓരോ സ്ഥാനാർത്ഥിയുടെയും പ്രതിനിധിയായി ഒരംഗത്തിന് അദ്ധ്യക്ഷ വേദിയിലേയ്ക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്. ഭരണപക്ഷത്തുനിന്ന് ശ്രീ. എ. പ്രദീപ്കുമാറും പ്രതിപക്ഷത്തുനിന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും വേദിയിലേക്ക് വരണം.

(സ്പീക്കർ സ്ഥാനാർത്ഥികളുടെ ഏജന്റുമാരായ ശ്രീ. എ. പ്രദീപ് കുമാർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നീ അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ

നടത്തി.)

പ്രോട്ടെം സ്പീക്കർ: ഓർഡർ...ഓർഡർ.... തെരഞ്ഞെടുപ്പിന്റെ ഫലം ഇപ്പോൾ പ്രഖ്യാപിക്കുന്നതാണ്. ശ്രീ. വി. പി. സജീന്ദ്രന് 46 വോട്ടും ശ്രീ. പി. ശ്രീരാമകൃഷ്ണന് 92 വോട്ടും കിട്ടിയിരിക്കുന്നു. ഒരു വോട്ട് അസാധുവായി. ശ്രീ. പി. ശ്രീരാമകൃഷ്ണനെ പതിനാലാം കേരള നിയമസഭയുടെ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുത്തതായി ഞാൻ പ്രഖ്യാപിക്കുന്നു.

(മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും ഏറ്റവും വലിയ പ്രതിപക്ഷ കക്ഷിയുടെ നേതാവായ ശ്രീ. രമേശ് ചെന്നിത്തലയും ചേർന്ന് നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പി. ശ്രീരാമകൃഷ്ണനെ അദ്ധ്യക്ഷ വേദിയിലേക്ക് ആനയിച്ചു.)

(ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷവേദിയിൽ ഉപവിഷ്ടനായി.)

മി. സ്പീക്കർ : ഓർഡർ...........ഓർഡർ......

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ ഹൃദയംഗമമായി അനുമോദിക്കുന്നു.

ജനാധിപത്യത്തിന്റെ സുദീർഘമായ ചരിത്രമുള്ള സഭയാണിത്. സഭ കാലങ്ങളായി നിലനിർത്തി പരിരക്ഷിച്ചുപോരുന്ന മൂല്യങ്ങളെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുന്നതിനും ധാർമ്മികതയിൽ അധിഷ്ഠിതമായ പുത്തൻ ജനാധിപത്യമൂല്യങ്ങൾ കണ്ടെത്തി സഭാനടപടികളെ നവീകരിക്കുന്നതിനും പുതിയ സ്പീക്കർക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സ്പീക്കർ എല്ലാവരുടേതുമാണ്. ഭരണപക്ഷത്തിന്റേതും പ്രതിപക്ഷത്തിന്റേതുമാണ്. സഭയുടെ അടിസ്ഥാന ചുമതലയായ നിയമനിർവ്വഹണമടക്കമുള്ള നടപടിക്രമങ്ങൾ തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനും അതോടൊപ്പം എല്ലാ സഭാംഗങ്ങളുടെയും ന്യായയുക്തമായ ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും കഴിയേണ്ടതായിട്ടുണ്ട്. വളരെ സമതുലിതമായ രീതിയിൽ ഇത് സാദ്ധ്യമാക്കാൻ അങ്ങേക്ക് കഴിയുമെന്ന ഉറച്ച വിശ്വാസമുണ്ട്. സൗമ്യനും മൃദുഭാഷിയുമായ അങ്ങയുടെ സവിശേഷ സ്വഭാവം സഭയുടെ സുഗമമായ നടത്തിപ്പിന് വലിയതോതിൽ സംഭാവന ചെയ്യാൻ സഹായകമാകുമെന്നാണ് കരുതുന്നത്. എല്ലാവിഭാഗം അംഗങ്ങളുടെയും വിശ്വാസം

ആർജ്ജിച്ചുകൊണ്ട് സഭയുടെ നാഥനായിരിക്കാനും നടപടിക്രമങ്ങളുടെയും ചട്ടങ്ങളുടെയും കാവലാളായിരിക്കാനും നടപടിക്രമങ്ങളുടെ ചട്ടക്കൂടിനുള്ളിൽത്തന്നെ സഭാംഗങ്ങളുടെ അധികാരാവകാശങ്ങൾ പരിരക്ഷിച്ച് മുന്നോട്ടുപോകാനും അങ്ങേക്ക് കഴിയും.

ഈ നിയമസഭയിൽ ചെറിയ പ്രായത്തിൽ സ്പീക്കർ സ്ഥാനത്ത് എത്തിയവരുടെ നിരയിൽപ്പെട്ടൊരാളാണ് അങ്ങ്. ഇതിനെക്കാളും ചെറിയ പ്രായത്തിൽ സ്പീക്കറായിട്ടുള്ളത് ശ്രീ. കെ. രാധാകൃഷ്ണനാണ്. അദ്ദേഹം 42-ാം വയസ്സിൽ സ്പീക്കർ പദവിയിലെത്തി. അങ്ങ് 48-ാം വയസ്സിൽ ആ സ്ഥാനത്തെത്തി. പുതിയ തലമുറയുടെ ഒരു പ്രതിനിധി ഇത്രമേൽ ഉന്നതമായൊരു സ്ഥാനത്ത് എത്തുന്നുവെന്നത് നമ്മുടെ ജനാധിപത്യം പക്വതയാർജ്ജിക്കുന്നു എന്നതിന്റെ ലക്ഷണമായാണ് കാണേണ്ടത്.

1957 ഏപ്രിൽ മാസം അഞ്ചിനാണ് ആദ്യ കേരള നിയമസഭ നിലവിൽ വന്നത്. അന്നുമുതൽ ഇന്നുവരെ ഉന്നതമായ ജനാധിപത്യ പാരമ്പര്യം ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആ പാരമ്പര്യങ്ങളും കീഴ്‌വഴക്കങ്ങളും ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാനും പുതിയ ചുവടുവയ്പ്പുകൾ സൃഷ്ടിച്ചെടുക്കാനും പുതിയ സ്പീക്കറുടെ നേതൃത്വത്തിൽ ഈ പരമാധികാര ജനപ്രതിനിധിസഭയ്ക്ക് കഴിയട്ടെ.

വിദ്യാർത്ഥി സംഘടനാപ്രവർത്തനത്തിലൂടെ ഉയർന്നുവന്ന അങ്ങേക്ക് നിയമസഭാ സാമാജികനെന്ന നിലയിൽ വളരെ ശ്രദ്ധേയമായ നിലയിൽ പ്രവർത്തിച്ച പശ്ചാത്തലവും യുവജനക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ച പശ്ചാത്തലവുമുണ്ട്. അതിന്റെയൊക്കെ അറിവും അനുഭവവും ഈ സഭയെ വരും നാളുകളിൽ കൂടുതൽ ശ്രദ്ധേയമായ തലത്തിലേക്ക് ഉയർത്താനും അതുവഴി ജനാധിപത്യത്തിന്റെ ശക്തിസ്രോതസ്സാക്കി നിലനിർത്താനും ഉപകരിക്കും. ഉത്തരവാദിത്വ നിർവ്വഹണ കാര്യത്തിൽ ഈ സഭയുടെ എല്ലാ പിന്തുണയും അങ്ങേക്ക് ഉണ്ടാകുമെന്ന് ഉറപ്പുനൽകുന്നു. സാധാരണക്കാരുടെ ഹൃദയവികാരം സഭാതലത്തിൽ കൂടുതൽ പ്രതിഫലിപ്പിക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു. സർക്കാരിന്റെ ഉത്തരവാദിത്വ നിർവ്വഹണത്തിനും സഭാംഗങ്ങളുടെ ജനാധിപത്യപരമായ ഇടപെടലുകൾക്കും എല്ലാ സംരക്ഷണവും അങ്ങയിൽനിന്നുണ്ടാകുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. ഉന്നതമായ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോകാൻ എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുന്നു. അങ്ങയുടെ യുവത്വവും ഊർജ്ജസ്വലതയും

ഈ സഭയുടെ യുവത്വവും ഊർജ്ജവുമായി മാറട്ടെയെന്ന് ആശംസിക്കുന്നു. എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. നന്ദി.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള നിയമസഭയുടെ 22-ാമത്തെ സ്പീക്കറായാണ് അങ്ങ് ഇപ്പോൾ അധികാരമേറ്റെടുക്കുന്നത്. കേരള നിയമസഭ ഇന്ത്യയിലെ മറ്റ് സംസ്ഥാന നിയമസഭകൾക്ക് മാതൃകയായ ഒരു നിയമസഭയാണ്. ചരിത്രത്തിന്റെ താളുകൾ പരിശോധിച്ചാൽ ഏറ്റവും പുരോഗമനപരമായ നിയമനിർമ്മാണങ്ങൾ പാസ്സാക്കിയിട്ടുള്ളത് കേരള നിയമസഭയിലാണെന്ന് മനസ്സിലാക്കാൻ സാധിക്കും. ഈ സഭയുടെ ഏറ്റവും മഹോന്നതസ്ഥാനമായ സ്പീക്കർ പദവിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിൽ അങ്ങയെ ഹാർദ്ദമായി അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സ്പീക്കർ സഭയുടെ അന്തസ്സിന്റെ പ്രതീകമാണ്. സഭയുടെ മനഃസാക്ഷിയെയാണ് സ്പീക്കർ പ്രതിനിധാനം ചെയ്യുന്നത്. ജനാധിപത്യ സംവിധാനത്തിൽ ഭരണകക്ഷിയെയും പ്രതിപക്ഷത്തെയും ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകാനും സഭാംഗങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കാനുമുള്ള വലിയൊരു ഉത്തരവാദിത്വമാണ് അങ്ങയിൽ നിക്ഷിപ്തമായിട്ടുള്ളത്. സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ സഭാനടപടികൾ മുന്നോട്ടു കൊണ്ടു പോകാൻ അങ്ങേക്ക് സാധിക്കട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്. 1942-ൽ ബ്രിട്ടീഷ് ഹൗസ് ഓഫ് കോമൺസിൽ ഒരു ചരിത്രസംഭവമുണ്ടായി. കിംഗ്ചാൾസ്-I അംഗരക്ഷകരുടെ അകമ്പടിയോടുകൂടി ഹൗസ് ഓഫ് കോമൺസിൽ പ്രവേശിച്ച് സ്പീക്കറുടെ ചെയറിൽ ഇരിക്കുകയുണ്ടായി. സ്പീക്കറുടെ ചെയറിൽ ഇരുന്നുകൊണ്ട് ഹൗസ് ഓഫ് കോമൺസിലെ അഞ്ച് പാർലമെന്റ് മെമ്പർമാർ രാജ്യദ്രോഹകുറ്റം ആരോപിക്കപ്പെട്ടവരായതുകൊണ്ട് അവരെ വിട്ടുതരണമെന്ന് ചാൾസ് രാജാവ് ആവശ്യപ്പെടുകയുണ്ടായി. സ്പീക്കർ വില്യം സെന്റാൾ അന്ന് കൈകൂപ്പിക്കൊണ്ട് രാജാവിനോട് പറഞ്ഞു, "എനിക്ക് കാണാൻ കണ്ണില്ല, എനിക്ക് കേൾക്കാൻ ചെവിയില്ല, ഞാൻ സഭയുടെ ജോലിക്കാരനാണ്, എനിക്ക് സഭ നിർദ്ദേശിക്കുന്നതു പോലെ മാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ". സ്പീക്കറുടെ സ്വതന്ത്ര സ്വഭാവം വ്യക്തമാക്കുന്ന കാര്യമാണിത്, independence of the government, സർക്കാരിൽ നിന്ന് വ്യത്യസ്തമായ സ്വതന്ത്ര സ്വഭാവത്തോടുകൂടി പ്രവർത്തിക്കേണ്ട ഉന്നതമായ ചുമതലയാണ് അങ്ങയിൽ നിക്ഷിപ്തമായിട്ടുള്ളത്. ഇന്ത്യൻ ജനാധിപത്യ പ്രക്രിയയുടെ മഹത്തായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും അതിനനുസരിച്ച് പ്രവർത്തിക്കാനുള്ള

ബാധ്യതയുമാണ് അങ്ങേക്കുള്ളത്. ഭരണഘടനയും നിയമസഭയിലുള്ള റൂളുകളും കീഴ്‌വഴക്കങ്ങളും അനുസരിച്ചാണ് അങ്ങ് ഈ സഭയുടെ നിയന്ത്രണം ഏറ്റെടുക്കുന്നത്. സഭാനടപടികൾ സുഗമമായി നടപ്പാക്കുന്നതിന് സ്പീക്കറുടെ നിഷ്പക്ഷമായ സമീപനം ഏറ്റവും ഫലപ്രദമായ രീതിയൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. സ്പീക്കർ എന്നത് ഒരു ഭരണഘടനാ പദവിയാണ്. ഭരണകക്ഷിയുടെ അംഗമാണെങ്കിൽപ്പോലും സ്പീക്കറുടെ സ്ഥാനത്ത് എത്തിക്കഴിയുമ്പോൾ ഈ സഭയുടെ നാഥനായി, ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും അവകാശങ്ങളുടെ കസ്റ്റോഡിയനായി പ്രവർത്തിക്കാനുള്ള അവസരമാണ് അങ്ങേക്ക് കൈവന്നിരിക്കുന്നത്. ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും അവകാശങ്ങൾ ഒരുപോലെ സംരക്ഷിക്കപ്പെടണം. സഭയിലെ എല്ലാ അംഗങ്ങളുടെയും താൽപ്പര്യ സംരക്ഷണം അങ്ങയിൽ നിക്ഷിപ്തമാണ്. ഈ സഭയും സഭയിലെ കാര്യങ്ങളും വിവിധ ഭരണഘടനാ സ്ഥാപനങ്ങളെ അറിയിക്കാനുള്ള ഉത്തരവാദിത്വവും അങ്ങയിൽ നിക്ഷിപ്തമാണ്. സഭയുടെ നീതിപൂർവ്വമായ പ്രവർത്തനത്തിനും ശക്തമായ നിയമനിർമ്മാണ നടപടികൾക്കും അങ്ങയുടെ മഹനീയ നേതൃത്വം എന്നും പ്രാധാന്യം നൽകുമെന്നും പ്രത്യാശിക്കുന്നു. പ്രതിപക്ഷാംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. നീതിപൂർവ്വവും നിഷ്പക്ഷവുമായ നിലയിൽ അങ്ങേക്ക് പ്രവർത്തിക്കാൻ സാധിക്കട്ടെയെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ നിയമസഭയിൽ കേരളത്തിനുതന്നെ അപമാനകരമായ നിരവധി സംഭവങ്ങൾ അരങ്ങേറുകയുണ്ടായി. ഇന്നത്തെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് അത്തരം സംഭവങ്ങൾ ഉണ്ടാവുകയില്ലെന്ന് ഞാൻ അങ്ങേക്ക് ഉറപ്പുനൽകുന്നു. നല്ല രീതിയിൽ സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ അങ്ങേക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു. __ ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുണ്ട്, "സ്പീക്കർ സഭയെ പ്രതിനിധാനം ചെയ്യുന്നു, സഭയുടെ അന്തസ്സിനെയും സ്വാതന്ത്ര്യത്തെയും പ്രതിനിധീകരിക്കുന്നു, അതുവഴി രാജ്യത്തിന് മുഴുവൻ പ്രാതിനിധ്യമുള്ള കാര്യം പരിഗണിക്കുന്നതിന് സ്പീക്കർ സാമാന്യ ജനതയുടെ സ്വാതന്ത്ര്യത്തിന്റെയും പരമാധികാരത്തിന്റെയും പ്രതീകമായി പ്രവർത്തിക്കുന്നു". മുഖ്യമന്ത്രി പറഞ്ഞതുപോലെ സൗമ്യനായ അങ്ങേയ്ക്ക് സഭാനടപടികൾ ഫലപ്രദമായി നിയന്ത്രിക്കാനും സഭയുടെ ഉന്നതമായ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാനും സാധിക്കട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. അങ്ങേക്ക് എല്ലാ മംഗളങ്ങളും നേരുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ,

പതിനാലാം കേരള നിയമസഭയുടെ സഭാനാഥനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ അനുമോദിക്കുന്നു. കേരള നിയമസഭയുടെ ചരിത്രത്തിലെ സ്പീക്കർമാരുടെ തെരഞ്ഞെടുപ്പ് ശ്രീ. ശങ്കരനാരായണൻ തമ്പിയിൽനിന്ന് ആരംഭിച്ച് ശ്രീ. പി. ശ്രീരാമകൃഷ്ണനിൽ എത്തിച്ചേർന്നിരിക്കുന്നു. മഹിതമായ പാരമ്പര്യമുള്ള ഒരു സഭയാണിതെന്ന് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടതാണ്. പ്രഗൽഭമതികളായ സ്പീക്കർമാർ ഈ സഭയെ വളരെക്കാലം നയിച്ചുകൊണ്ട് മുന്നോട്ടുപോയിട്ടുണ്ട്. അങ്ങയുടെ ഭാഗത്തുനിന്നും

ആ പാരമ്പര്യമെല്ലാം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ഈ സഭ ആഗ്രഹിക്കുന്നതെന്നും പ്രതീക്ഷിക്കുന്നതെന്നും ചൂണ്ടിക്കാണിക്കപ്പെട്ടതാണ്. ജനാധിപത്യ സംവിധാനത്തിൽ നിയമസഭാ വേദിയെ എങ്ങനെയാണ് ഉപയോഗിക്കേണ്ടത് എന്നത് സംബന്ധിച്ച് വ്യക്തമായ ധാരണ അങ്ങേക്കുണ്ടെന്നത് കഴിഞ്ഞകാല അനുഭവങ്ങളിൽനിന്നും എല്ലാവർക്കും ബോധ്യപ്പെട്ടിട്ടുള്ളതാണ്. നിയമസഭാ സാമാജികനെന്ന നിലയിൽ അങ്ങ് കാണിച്ചിട്ടുള്ള പ്രത്യേകമായ കഴിവും ഈ സഭയിൽ അങ്ങ് കാണിക്കാറുണ്ടായിരുന്ന മികവാർന്ന സമീപനവും നിയമസഭാ സ്പീക്കറെന്ന നിലയിലുള്ള അങ്ങയുടെ പ്രവർത്തനത്തിന് മാറ്റ് കൂട്ടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സഭാനാഥനെന്ന നിലയിൽ അങ്ങയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ചു കൊണ്ട് അങ്ങേക്ക് ചെയ്യാൻ കഴിയുന്ന തരത്തിലുള്ള നല്ല പ്രവർത്തനങ്ങൾ ഉണ്ടാകുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. ഈ സഭയിലെ ഇനിയങ്ങോട്ടുള്ള പ്രവർത്തനങ്ങൾക്ക് സഭാനാഥനെന്ന നിലയിൽ അങ്ങയിൽനിന്ന് ഉത്തരവാദിത്വ നിർവ്വഹണത്തിന്റെ കാര്യത്തിൽ സർക്കാരിനോടും നിയമസഭാ സാമാജികനെന്ന നിലയിൽ പ്രതിപക്ഷ അംഗങ്ങളോടുമെല്ലാം സ്വീകരിക്കുന്ന സമീപനത്തിൽ പ്രത്യേകമായ കാഴ്ചപ്പാടുണ്ടാകും, തങ്ങളിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് എല്ലാവിധ ഭാവുകങ്ങളും ആശംസിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കന്മാരുമൊക്കെ പറഞ്ഞതുപോലെ അങ്ങേക്ക് എന്റെയും എന്റെ കക്ഷിയുടെയും പ്രത്യേകമായ അഭിനന്ദനങ്ങൾ നേരുകയാണ്.

നിയമസഭയുടെ കാര്യനിർവ്വഹണത്തിൽ ഞങ്ങളുടെ എല്ലാവിധ പിൻതുണയും അങ്ങേയ്ക്കുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങയുടെ പ്രവർത്തനം കുറച്ചുകാലമായി നോക്കിക്കണ്ട ആളുകളാണ് ഞങ്ങൾ. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ അങ്ങ് വളരെ സൗമ്യനും ശാന്തശീലനും നിയമസഭാ പ്രവർത്തനം നല്ല നിലയിൽ കൊണ്ടുപോയ ഒരാളുമാണ്. ക്ഷിപ്രകോപിയല്ല. അതുകൊണ്ടുതന്നെ സ്പീക്കർ എന്ന പദവിയിൽ ശോഭിക്കാൻ കഴിയുമെന്ന കാര്യത്തിൽ എനിക്കും സംശയമില്ല. ജനങ്ങളുടെ നിരവധി ഗുരുതര പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വേദിയാണ് നിയമസഭ. നമ്മൾ വിവിധ രാഷ്ട്രീയ പാർട്ടികളാണെങ്കിലും വിവിധ കക്ഷികളെ പ്രതിനിധീകരിക്കുന്നവരാണെങ്കിലും പൊതുവിൽ കേരളത്തിലുള്ള സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി പാടുപെടുന്നവരാണ്. അതുകൊണ്ടുതന്നെ അത്തരം കാര്യങ്ങളിലുള്ള ചർച്ചയും നിയമനിർമ്മാണവും വളരെ ഗൗരവത്തിൽ നടക്കേണ്ടതുണ്ട്. പലപ്പോഴും അത് നടക്കാറില്ല. അതിന്റെ നഷ്ടം ജനങ്ങൾക്കാണ്. രാഷ്ട്രീയ ഈർഷ്യകൊണ്ട് പരസ്പരം പോരാടുമ്പോൾ അതിനിടയിൽ തമസ്കരിക്കപ്പെടുന്നത് വളരെ വിശദമായി ചർച്ച ചെയ്യേണ്ട ജനങ്ങളുടെ പ്രശ്നങ്ങളാണെന്നത് വസ്തുതയാണ്. അതുകൊണ്ടു തന്നെ ജനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്ന കാര്യങ്ങളിൽ പ്രതിപക്ഷം ശ്രദ്ധിക്കാമെന്ന് പ്രതിപക്ഷനേതാവും ഇവിടെ പറയുകയുണ്ടായി. അങ്ങേക്ക് എല്ലാ പിന്തുണയുമുണ്ട്.

Youngest Speaker എന്നത് ശ്രീ. കെ. രാധാകൃഷ്ണനാണോ സി. എച്ച്. മുഹമ്മദ് കോയ സാഹിബാണോ എന്നത് പരിശോധിക്കേണ്ടതുണ്ട്. സി. എച്ച് സ്പീക്കറായപ്പോൾ 35 വയസായിരുന്നു എന്നാണ് പറയുന്നത്. ശ്രീ. വി. എം. സുധീരനാണോ എന്നുമറിയില്ല. ഇതൊരു തർക്കവിഷയമല്ല. പരിശോധിച്ചതിനു ശേഷം പറയാം, ഇതെല്ലാം ചരിത്രമാണല്ലോ. പക്ഷേ 48 വയസ്സിലും അങ്ങ് ചെറുപ്പമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങ് ഊർജ്ജസ്വലതയോടു കൂടി പ്രവർത്തിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് എല്ലാവിധ പിന്തുണയും അർപ്പിച്ചുകൊണ്ട്

ഞാൻ നിർത്തുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും സ്പീക്കറുടെ ചുമതലയേറ്റ അങ്ങയെ സംബന്ധിച്ച് പറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാനും യോജിക്കുന്നു. വരുന്ന കാലഘട്ടത്തിൽ കേരള നിയമസഭ, ഇന്ത്യയ്ക്കാകെ മാതൃകയായി പ്രവർത്തിക്കേണ്ട ഒരു നിയമസഭയാണ്. ഭരണപക്ഷത്തുനിന്നായാലും പ്രതിപക്ഷത്തുനിന്നായാലും അത്തരത്തിലുള്ള ചർച്ചകളും സമീപനങ്ങളും പ്രതീക്ഷിക്കാവുന്ന നിയമസഭയാണിത്. എം.എൽ.എ. എന്നുള്ള നിലയിൽ നിയമസഭയിൽ ചർച്ചകളിൽ പങ്കെടുത്തപ്പോൾ താങ്കൾ കാണിച്ച അറിവ് സ്പീക്കർ എന്നുള്ള നിലയിൽ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുമെന്ന് കരുതുന്നു; എല്ലാ ഭാവുകങ്ങളും നേരുന്നു.

<u>ശ്രീ. കെ. എം. മാണി</u>: സർ, ഈ സഭയുടെ നാഥനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അങ്ങേക്ക് ആദ്യമായി അനുമോദനങ്ങൾ അർപ്പിക്കുന്നു. 2011-ലാണ് അങ്ങ് നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വളരെ ചെറുപ്പത്തിൽത്തന്നെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടത് അങ്ങയുടെ കർമ്മശേഷിയുടെയും വ്യക്തിമാഹാത്മ്യത്തിന്റെയും തെളിവായി ഞാൻ കണക്കാക്കുന്നു. വളരെ ഉന്മേഷവും പ്രസരിപ്പുമുള്ള സ്പീക്കറെയാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. നിയമസഭയുടെ ചൈതന്യം വർദ്ധിപ്പിക്കുന്നതിനും അത് കാരണമാകും. അങ്ങ് യുവജനപ്രസ്ഥാനത്തിലൂടെയും വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയും വളർന്നുവന്ന നേതാവും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് മെമ്പറും സർവ്വകലാശാല യൂണിയൻ മെമ്പറുമായിരുന്നു. ആ നിലയിലെല്ലാം വളരെ പരിചയ സമ്പത്തുണ്ട്. മാത്രമല്ല, അങ്ങ് Asia - Pacific World Federation of Youth-ന്റെ കോ-ഓർഡിനേറ്റർ കൂടിയായിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ നിലയിലെല്ലാം പരിചയസമ്പത്തും പ്രവർത്തനപരിചയവുമുള്ള ഒരു വ്യക്തിയെന്നുള്ള നിലയിലാണ് അങ്ങ് ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. ഒരു സ്പീക്കർ നിഷ്പക്ഷതയുടെ ആൾരൂപമാണ്. സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടാൽ പിന്നെ പാർട്ടിയില്ല; പാർട്ടിയുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുകയെന്നുള്ളതാണ്. സോമനാഥ് ചാറ്റർജി സ്പീക്കറായി ചാർജ്ജെടുക്കുന്നതിന് മുമ്പുതന്നെ അദ്ദേഹത്തിന്റെ പാർട്ടി ബന്ധങ്ങൾ വിച്ഛേദിക്കുകയാണുണ്ടായത്. അത് ഇന്ത്യയ്ക്ക് വലിയ മാതൃകയായിരുന്നു. അത് അനുകരണീയമായ മാതൃകയാണ്. സ്പീക്കർ എപ്പോഴും നിഷ്പക്ഷനായിരിക്കണം.

Speaker is looked upon as a true guardian of the great tradition of Parliamentary Democracy. ആ പാരമ്പര്യവും നിയമസഭയുടെ അന്തസ്സും ഉയർത്തിപ്പിടിച്ചുകൊണ്ട് ബിസിനസ് ട്രാൻസാക്ട് ചെയ്യാൻ അങ്ങേക്ക് കഴിയട്ടെ. പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ ബിസിനസ് ട്രാൻസാക്ട് ചെയ്യുന്നതിന് അങ്ങയുടെ പ്രവർത്തനങ്ങൾക്ക് നമ്മുടെയെല്ലാം സഹകരണം വാഗ്ദാനം ചെയ്തു കൊണ്ടും വിജയം ആശംസിച്ചുകൊണ്ടും നിർത്തുന്നു.

ശ്രീ. തോമസ് ചാണ്ടി: സർ, കേരള നിയമസഭയെ ഇന്ത്യയിലെ മറ്റ് സംസ്ഥാന നിയമസഭകൾക്ക് മാതൃകയായി നയിച്ചുകൊണ്ടുപോകാൻ സർവ്വശക്തനായ ദൈവം അങ്ങേക്ക് ആവശ്യമായ ബുദ്ധിയും ജ്ഞാനവും നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഉപജീവനത്തിനായി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലും ലോകത്തിലെ വിവിധ ഭൂഖണ്ഡങ്ങളിലും പോയിട്ടുള്ള മലയാളികൾ ഇപ്പോൾ ഇവിടെ നടക്കുന്ന കാര്യങ്ങളെല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തീർച്ചയായും ഈ നിയമസഭയെ, വിദ്യാഭ്യാസമുള്ളവരുടെ സംസ്ഥാനമെന്ന് പേരുകേട്ട കേരളത്തിലെ നിയമസഭയെ ഇന്ത്യയിലെ മറ്റ് സംസ്ഥാന നിയമസഭകൾക്ക് മാതൃകയായി നയിക്കുവാൻ അങ്ങേയ്ക്ക് ദൈവം പ്രാപ്തി നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം കഴിഞ്ഞ സ്പീക്കർ അനുമോദന പ്രസംഗത്തിനിടയിലും പറഞ്ഞ, ബൈബിളിലെ ഒരുകഥ പുതുമുഖങ്ങൾ ധാരാളമുള്ളതു കൊണ്ട് ഒന്നുകൂടി പറയുകയാണ്. ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നുവെന്നും അതുകൊണ്ട് നിനക്കിപ്പോൾ ഒരുവരം ചോദിക്കാമെന്നും സോളമൻ രാജാവിനോട് ദൈവദൂതൻ പറഞ്ഞു. രാജാവിന് അധികമൊന്നും ആലോചിക്കേണ്ടി വന്നില്ല. ജനത്തെ നീതിയോടും ന്യായത്തോടും ഭരിക്കുന്നതിന് ജ്ഞാനമുള്ള ഒരു ഹൃദയം നൽകണമെന്ന് രാജാവ് പറഞ്ഞു. പിന്നീട് ജ്ഞാനികളിൽ ജ്ഞാനിയായ സോളമൻ രാജാവെന്ന് ലോകം വിളിച്ചത് അദ്ദേഹത്തെയായിരുന്നു. ദൈവം സോളമൻ രാജാവിന് കൊടുത്ത ഹൃദയവും ജ്ഞാനവും അങ്ങേക്കും നൽകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും എല്ലാവിധ ആശംസകൾ നേർന്നുകൊണ്ടും എന്റെ പാർട്ടിയുടെ പിന്തുണ അറിയിച്ചുകൊണ്ടും നിർത്തുന്നു, നന്ദി.

ശ്രീ. അനൂപ് ജേക്കബ്: സർ, നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേക്ക് എല്ലാവിധ ആശംസകളും നേരുന്നു. ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് സഭയുടെ അന്തസ്സും ഗൗരവവും നിലനിർത്തി മുന്നോട്ടു കൊണ്ടുപോകാൻ അങ്ങെടുക്കുന്ന എല്ലാ തീരുമാനങ്ങൾക്കും തീർച്ചയായും നമ്മുടെയെല്ലാം പിന്തുണയുണ്ടാകും. കഴിഞ്ഞ സഭയിലും അതിനുമുമ്പും നിയമ

നിർമ്മാണങ്ങൾ ഉൾപ്പെടെ എല്ലാ ഘട്ടങ്ങളിലും അങ്ങ് സജീവ സാന്നിദ്ധ്യമായിരുന്നു. തീർച്ചയായും താങ്കൾക്ക് ആ പരിചയ സമ്പത്തുണ്ടാകും. നല്ല സാമാജികനെന്ന് പേരെടുത്ത അങ്ങേക്ക് നല്ല സ്പീക്കർ എന്ന നിലയിലും പേരെടുക്കാൻ കഴിയുമെന്ന് ഞങ്ങൾ കരുതുന്നു. ഗവൺമെന്റ് ബിസിനസ് നടത്തിക്കൊണ്ടുപോകാൻ അങ്ങ് മുൻകൈ എടുക്കുമ്പോൾ  പ്രതിപക്ഷത്തിന്റെ അവകാശങ്ങളും സംരക്ഷിക്കുവാൻ അങ്ങ് തയ്യാറാകുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. നിയമസഭയെ വളരെ പ്രതീക്ഷയോടെയാണ് പൊതുസമൂഹം നോക്കിക്കാണുന്നത്.  ആ പ്രതീക്ഷയ്ക്കൊത്ത് ഉയരുവാൻ സഭയ്ക്കും സഭാംഗങ്ങൾക്കും കഴിയണം. അതിനനുസൃതമായ നേതൃത്വം കൊടുക്കാൻ അങ്ങേക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. അങ്ങയുടെ സ്പീക്കർ പദവിക്ക് എന്റെയും എന്റെ കക്ഷിയുടെയും പേരിൽ  എല്ലാ നന്മകളും മംഗളങ്ങളും അർപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പുതിയ നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേക്ക് ആദ്യമായി സ്നേഹനിർഭരമായ അഭിവാദനങ്ങളും ആശംസകളും നേരുന്നു. ഈ സഭയിലെ സ്പീക്കർമാരുടെ പരമ്പരയിൽ  യുവത്വത്തിന്റെ കർമ്മ തേജസ്സായി താങ്കൾ അവരോധിതനായിരിക്കുകയാണ്. കേരളത്തിന്റെ പാരമ്പര്യവും നിയമ നിർമ്മാണ സഭയെന്ന നിലയിൽ മാതൃകാപരമായി പ്രവർത്തിച്ചിട്ടുള്ള  ഈ സഭയുടെ പാരമ്പര്യവും അന്തസ്സും പ്രൗഢിയും സംരക്ഷിക്കുന്നതിന് താങ്കളുടെ പൊതുജീവിതത്തിലെ പരിജ്ഞാനവും കഴിവും പ്രയോജനപ്പെടുകതന്നെചെയ്യും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഉൾപ്പെടെയുള്ള മറ്റ് നേതാക്കന്മാരും പറഞ്ഞതുപോലെ താങ്കളുടെ വ്യക്തിത്വം തീർച്ചയായും  അനുഭവ സമ്പത്തായും അനുഭൂതിയായും ഈ നിയമസഭയ്ക്ക് ഉണ്ടായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇവിടെ വ്യക്തമാക്കിയതുപോലെ ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ഉയർന്നുവരുന്ന അഭിപ്രായങ്ങളും അംഗങ്ങളുടെ സ്വാതന്ത്ര്യവും പരിരക്ഷിക്കുന്ന കാര്യത്തിൽ  താങ്കൾക്കുള്ള മുഖ്യമായ പങ്ക് പ്രത്യേകിച്ച്  പറയേണ്ടതില്ല. അത് നിർവിഘ്നം നിർവ്വഹിക്കുന്നതിനുള്ള പരിപക്വതയും കഴിവും പാരമ്പര്യവുമൊക്കെ താങ്കൾക്കുണ്ടെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. ഇന്ത്യയ്ക്കാകെ മാതൃകയായി നിരവധി നിയമനിർമ്മാണങ്ങൾക്ക് രൂപം നൽകിയിട്ടുള്ള സഭയാണിത്. വർത്തമാനകാല ഇന്ത്യയ്ക്കാകെ വെളിച്ചം വീശുന്ന അഴിമതി വിരുദ്ധ പോരാട്ടത്തിന്റെ വിജയപ്രതീകമാണ് ഈ സഭ. അതുകൊണ്ടുതന്നെ സഭാനടപടികൾ ശ്രദ്ധേയമാണ്. സംസ്ഥാനത്തിനും സഭയ്ക്കും മാതൃകാപരമായ നിലപാടുകൾ സ്വീകരിക്കുന്നതിന് അങ്ങേക്ക് കഴിയട്ടെ എന്ന്

ആശംസിക്കുന്നു. താങ്കളുടെ സാന്നിദ്ധ്യം ഈ സഭയുടെ ആന്തരികവും ബാഹ്യവും കരുത്തുറ്റതുമായ ചൈതന്യത്തിനും പ്രവർത്തനത്തിനും കരുത്തായി തീരട്ടെയെന്നും അങ്ങയുടെ പദവിയിൽ എല്ലാവിധ വിജയങ്ങളും ഉണ്ടാകട്ടെയെന്നും പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ഈ സഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ എന്റെ സ്വന്തം പേരിലും എന്റെ പാർട്ടിയുടെ പേരിലുമുള്ള അഭിനന്ദനവും പിന്തുണയും അറിയിക്കുന്നു. മനസ്സിൽ സ്നേഹവും നന്മയും സൂക്ഷിക്കുന്ന എന്റെ ഒരു നല്ല സുഹൃത്ത് വളരെ ചെറിയ പ്രായത്തിൽ തന്നെ ഇത്ര നല്ലൊരു പദവിയിലെത്തിയതിൽ വ്യക്തിപരമായി ഞാനേറ്റവും കൂടുതൽ സന്തോഷിക്കുന്നു. 'ഒരു ഭരണാധികാരി നീതിമാനായിരിക്കണം' എന്ന് 'തിരുക്കുറൾ'-ൽ പറയുന്നു. ഇവിടെ എടുത്തുപറയേണ്ട ഒരു കാര്യം സ്പീക്കർ ഞങ്ങളുടെയൊക്കെ നാഥനാണ്, ഞങ്ങളുടെയൊക്കെ ചെയറാണ്. അങ്ങയിൽ നിന്നും എല്ലാവർക്കും നീതി ലഭിക്കണമെന്നാഗ്രഹിക്കുകയാണ്. നീതിയും കരുതലുമാണ് നമുക്ക് വേണ്ടത്. ഈ സഭയ്ക്കകത്തുള്ള അംഗങ്ങൾക്കും ഈ നിയമസഭയിലെ ജീവനക്കാർക്കും സഭയ്ക്കകത്തും പുറത്തും സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതോടൊപ്പം അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമുള്ള ഏറ്റവും വലിയ ചുമതലയുമാണ് താങ്കളുടെ കയ്യിൽ ഇപ്പോൾ ഈ ഉത്തരവാദിത്വത്തോടുകൂടി വന്നുചേർന്നിരിക്കുന്നത്. തീർച്ചയായും അങ്ങേക്കതിന് കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു അടുത്ത സുഹൃത്തെന്ന നിലയിൽ സംസാരിക്കുമ്പോൾ ഒരുപാട് നല്ല ആശയങ്ങൾ പറയുകയും അത് പ്രവൃത്തി പഥത്തിൽ കൊണ്ടുവരണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണ് അങ്ങ്. ആ നിലയിൽ ഈ സഭയിലൊരു വലിയ മാറ്റം, ആധുനികമായ ചില പരിഷ്കാരങ്ങൾ, ആധുനികമായ ചില ടെക്നോളജികൾകൊണ്ട് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയുമൊക്കെ ജോലി സുഗമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ധാരാളം നല്ല ആശയങ്ങൾ അങ്ങയുടെ മനസ്സിലുണ്ട്. യുവജനങ്ങളുടെ ക്ഷേമത്തിനു വേണ്ടിയുള്ള പ്രവർത്തനത്തിനായി പല രാജ്യങ്ങളും സന്ദർശിക്കാൻ അവസരം ലഭിച്ചപ്പോൾ അവിടെ കണ്ട പല നല്ലകാര്യങ്ങളെപ്പറ്റിയും താങ്കൾ സംസാരിച്ചിട്ടുണ്ട്. അതെല്ലാം ഈ സഭയിൽ പ്രായോഗികതലത്തിൽ കൊണ്ടുവരികയാണെങ്കിൽ ഇൻഡ്യയിൽ ഏറ്റവും ശ്രദ്ധേയമായ ഒരു നിയമസഭയാക്കി ഈ സഭയെ മാറ്റാൻ അങ്ങേക്ക് കഴിയും. സഭയ്ക്കകത്തും പുറത്തും അംഗങ്ങളുടെയും ജീവനക്കാരുടെയും അവകാശങ്ങളും അന്തസ്സും കൂടാതെ അവർക്ക് പുറത്തുനിന്നു കിട്ടേണ്ട മാന്യതയുമെല്ലാം

നേടിക്കൊടുക്കാൻ ഒരു സ്പീക്കറുടെ ശക്തിയായ പ്രവർത്തനത്തിന് കഴിയും. മനുഷ്യത്വമുള്ള നീതിമാന്മാരായ ധാരാളം സ്പീക്കർമാർ ഇവിടെ ഈ ചെയറിൽ ഇരുന്നിട്ടുണ്ട്. എല്ലാവരും അങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ പ്രത്യേകം ഓർമ്മിക്കേണ്ട ഒരാൾ ജി. കാർത്തികേയനാണ്. ഒരു മനുഷ്യനെന്ന നിലയിൽ അദ്ദേഹം നമ്മളെ സമീപിച്ച രീതി ഈ അവസരത്തിൽ ഞാൻ ഓർക്കുകയാണ്. ഒരിക്കൽ എന്റെ ഇളയമകന് സുഖമില്ലാതെ ഹോസ്പിറ്റലിൽ കിടന്നു. അവിടെ അദ്ദേഹം അന്വേഷിച്ചുവരുമ്പോൾ കുഞ്ഞ് ഡെങ്കിപ്പനി വന്ന് വല്ലാതെ കരയുകയായിരുന്നു. ആശുപത്രിയിൽ അദ്ദേഹം വന്നപ്പോൾ സ്പീക്കറെന്ന നിലയിൽ അദ്ദേഹത്തിന്റെ ബോഡി ഗാർഡ്സും കൂടെയുണ്ട്. എനിക്ക് അദ്ദേഹത്തെ ആ സമയത്ത് വേണ്ടപോലെ ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. പക്ഷേ കസേര നീക്കിയിട്ട് എന്നോടൊപ്പമിരുന്ന് കുഞ്ഞിനെ പരിചരിക്കുകയാണ് അദ്ദേഹം ചെയ്തത്. അതൊരു മനുഷ്യന്റെ നല്ല മനസ്സാണ്. അത്ര നല്ല മനസ്സുള്ള സ്പീക്കർമാർ കേരള നിയമസഭയിലുണ്ടായിട്ടുണ്ട്. തീർച്ചയായും അങ്ങിൽനിന്നും അതുപോലെ ഒരു നല്ല മനസ്സും ഞങ്ങൾക്കെല്ലാം സ്നേഹവും സംരക്ഷണവും കിട്ടുമെന്നും ഇൻഡ്യാ മഹാരാജ്യത്തിനുമുന്നിൽ കേരള നിയമസഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ താങ്കൾക്ക് കഴിയുമെന്നും ഉറച്ചുവിശ്വസിക്കുന്ന ഒരു സഹപ്രവർത്തകനാണ് ഞാൻ. തീർച്ചയായും അതിന് അങ്ങേക്ക് കഴിയട്ടെ. അങ്ങേക്ക് ചെറിയ പ്രായമാണെന്ന് ഇവിടെ പറഞ്ഞു. 'ശ്രീരാമകൃഷ്ണൻ' എന്നത് ലോകമറിയുന്ന ഏറ്റവും വലിയ ഒരു സന്യാസിയായ പരമഹംസന്റെ പേരാണെന്ന് ഞാൻ പലപ്പോഴും പലരോടും പറയാറുണ്ട്. അങ്ങയുടെ മുഖത്തിനും മനസ്സിനും ആ ദൈവീകമായ സൗന്ദര്യമുണ്ട് എന്ന് അടുത്തറിയുന്ന ഒരു സുഹൃത്തെന്ന നിലയിൽ താങ്കളിൽനിന്നും ഈ ചെയറിലിരുന്നുകൊണ്ട് വളരെ നല്ല നടപടികൾ പ്രതീക്ഷിക്കുന്നു. എല്ലാവിധ പിന്തുണയും നന്മകളും വിജയങ്ങളും ദൈവം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

<u>ശ്രീ. എൻ. വിജയൻ പിള്ള:</u> സർ, അങ്ങ് ഈ നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടതിൽ ഞാനും എന്റെ പാർട്ടിയും അഭിനന്ദിക്കുന്നു. ഞാൻ ഒരു പുതുമുഖമാണ്. എനിക്കും എന്നെപ്പോലെയുള്ള പുതുമുഖങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഈ സഭയൊന്നാകെ നന്നായി പ്രവർത്തിപ്പിക്കുന്നതിന് അങ്ങേക്ക് സന്മനസ്സുണ്ടാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും എല്ലാവിധ പിന്തുണ അറിയിച്ചുകൊണ്ടും നിർത്തുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. ഒ. രാജഗോപാൽ:</u> സർ, ഈ നിയമസഭയുടെ നാഥനായി അങ്ങയെ

തെരഞ്ഞെടുത്തതിൽ ഞാൻ ഹൃദയംഗമമായി അനുമോദിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ അങ്ങയിൽനിന്ന് ധാർമ്മികതയുടെ വെളിച്ചം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. അതിന് ന്യായമായ കാരണങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അങ്ങയുടെ പേരിൽത്തന്നെയുണ്ട്. ശ്രീത്വം വിളയുന്ന മുഖമാണെന്നുള്ളതുകൊണ്ടുതന്നെ മനസ്സിന് സമാധാനമുണ്ടാകും. 'ശ്രീരാമൻ' ധർമ്മത്തിന്റെ ആൾരൂപമാണെന്ന് എല്ലാവർക്കുമറിയാം. ആ ധർമ്മമാണ് നമ്മുടെ നാടിനെ നിലനിർത്തുന്നത്. ആ ധർമ്മം സ്ഥാപിക്കാനാണ് 'ശ്രീകൃഷ്ണൻ' ജനിച്ചിട്ടുള്ളത്. ഈ പേരുകളെല്ലാം കൂടിച്ചേർന്നാണ് അങ്ങ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് സ്വാഭാവികമായും ധാർമ്മികതയായിരിക്കും എല്ലാത്തിന്റെയും ആധാരമെന്ന് ഞാൻ വിശ്വസിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ എല്ലാവർക്കും നീതി ലഭിക്കും, ആരോടുമില്ല പ്രീണനം, എല്ലാവർക്കും തുല്യനീതി എന്നുള്ളതാണ് പ്രതീക്ഷിക്കുന്നത്. ഒരു പാർട്ടിയിൽ നിന്നുള്ള ഏകനായ അംഗത്തോടും പുതുമുഖങ്ങളായ അംഗങ്ങളോടും പ്രത്യേകമായ ഒരു വാത്സല്യം കൂടിയുണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു. ഒരു നല്ല സ്പീക്കർ എന്ന നിലയ്ക്ക് അങ്ങയുടെ കർത്തവ്യം നിർവ്വഹിക്കാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നമസ്കാരം.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, പതിനാലാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുത്ത അങ്ങയെ ഞാൻ അനുമോദിക്കുകയാണ്. വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തിൽക്കൂടി കടന്നുവന്ന അങ്ങയുടെ അനുഭവ സമ്പത്ത് സ്പീക്കർ എന്നുള്ള നിലയിൽ നിഷ്പക്ഷമായി പ്രവർത്തിക്കാൻ സഹായകമാകുമെന്ന് വിശ്വസിക്കുന്നു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സഭയെ നയിക്കാനും അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനും അങ്ങേക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

<u>മി. സ്പീക്കർ</u> : ആരാധ്യനായ സഭാ നേതാവേ, ബഹുമാന്യനായ പ്രതിപക്ഷ നേതാവേ, ബഹുമാനപ്പെട്ട നിയമസഭാ സാമാജികരെ,

പതിനാലാം കേരള നിയമസഭയുടെ അദ്ധ്യക്ഷനായി ഈ സഭ എന്നെ തെരഞ്ഞെടുത്തതിൽ ആദ്യമായി ഞാൻ നന്ദി രേഖപ്പെടുത്തുന്നു. എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്ക് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. വിഖ്യാതമായ ചരിത്രമുള്ള മുൻഗാമികളായ മുഴുവൻ സ്പീക്കർമാരുടെയും സേവനങ്ങളെ ഞാൻ ശിരസുകുനിച്ച് സ്മരിക്കുന്നു. പരിണിതപ്രജ്ഞരും പുതുമുഖങ്ങളും ഒരുപോലെ നിറഞ്ഞ ഈ സഭ ഉന്നതനിലവാരമുള്ള ചരിത്രമുള്ള ഒരു സഭയാണ്. പരിണിത പ്രജ്ഞരുടെയും പുതുമുഖങ്ങളുടെയും കൂട്ടായ്മ ഈ സഭയുടെ ഒരു സാധ്യതയായി ഞാൻ കാണുന്നു. മാതൃകാപരമായ നിരവധി നിയമനിർമ്മാണങ്ങൾക്ക് നേതൃത്വം

നൽകി രാജ്യത്തെ പല നിയമസഭകൾക്കും പലപ്പോഴും പാർലമെന്റിനുപോലും പ്രചോദനമായ സഭയാണിത്. ഇത്തരം ഒരു ചരിത്രവേദിയുടെ അദ്ധ്യക്ഷനായി പ്രവർത്തിക്കാൻ സാധിക്കുന്നത് ജീവിതത്തിലെ ധന്യമായ ഒരനുഭവമായി ഞാൻ കരുതുന്നു. ചിരപരിചിതമായ പ്രവർത്തന മേഖലയിൽനിന്നും തീർത്തും വ്യത്യസ്തമായ ഒരു മേഖലയിലേക്കാണ്, ചുമതലയിലേക്കാണ് ഞാൻ കാലൂന്നുന്നത്. സഭാദ്ധ്യക്ഷന്റെ നിഷ്പക്ഷതയെക്കുറിച്ചും പ്രതിപക്ഷത്തിന്റെ അവകാശങ്ങളെ കുറിച്ചും പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയും ചില നിർദ്ദേശങ്ങൾ പറയുകയും ചെയ്തു. ഈ സമയത്ത് എനിക്ക് തോന്നുന്നത് നെപ്പോളിയന്റെ ചരിത്ര പ്രസിദ്ധമായ ഒരു വചനമാണ്. ഫ്രഞ്ച് ജനതയുടെ വിശ്വാസം ആർജ്ജിക്കുന്നതിനു വേണ്ടി വിപ്ലവാനന്തരം അദ്ദേഹം കത്തോലിക്ക സഭയുമായി concordat അഥവാ religious agreement സ്ഥാപിക്കുകയുണ്ടായി. ഇതിനെക്കുറിച്ച് സംശയം ഉന്നയിച്ചവരോട് അദ്ദേഹം പറഞ്ഞു, 'While I was in Egypt I was a Muslim, Now I am in France no doubt, I am a Christian'. എന്ന്. ചുമതലകൾ നമ്മെ മാറ്റി പണിയണം. അത് ചെയറിനും നിയമസഭാ സാമാജികർക്കും ഒരുപോലെ ബാധകമാണ്. നിയമനിർമ്മാണ സഭയിലെ അംഗത്വം ചുമതലകളുടെ ബാഹുല്യവും വൈവിദ്ധ്യവുംകൊണ്ട് സമ്പന്നമാണ്. നിയമസഭാ പ്രവർത്തനങ്ങളിൽ ചതുർഘടകങ്ങളാണ് നമുക്കുചുറ്റും ഭ്രമണം ചെയ്യുന്നതായി എനിക്ക് തോന്നിയത്. ഒന്ന്, സഭയും ഭരണഘടനയും. രണ്ട്, സഭയും നിയമനിർമ്മാണവും. മൂന്ന് സഭയും ജനങ്ങളും. നാല്, സഭയും മാധ്യമങ്ങളും. ഇത് മനസ്സിലാക്കിയുള്ള ഗൃഹപാഠമാണ് നമുക്ക് വേണ്ടത്. നമ്മുടെ ഭരണഘടന കേവലം കുറെ ഖണ്ഡങ്ങളോ വകുപ്പുകളോ മാത്രമല്ല, അതിനോടൊപ്പം സ്വയം ഇഴുകിച്ചേർന്ന മൂല്യങ്ങളുടെ ഒരു ഊർജ്ജപ്രവാഹം കൂടിച്ചേർന്നതാണ്. ഈ രാഷ്ട്രത്തെ ഒരുമിപ്പിച്ച് നിർത്തുന്നത് ഈ ഭരണഘടനയാണ്. അത് പാലിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം. അത് ഉറപ്പുനൽകുന്ന സംരക്ഷണത്തിന് സഹായകരമായ നിയമനിർമ്മാണമാണ് നടക്കേണ്ടത്. ജനതയുടെ ശബ്ദമാണ് നിയമസഭയുടെ ശബ്ദം. ജനാധിപത്യത്തിന്റെ അനുനിമിഷമുള്ള വളർച്ചയും വികാസവുമാണ് സഭയിൽ സംഭവിക്കേണ്ടത്. ജനാധിപത്യം ഒരിടത്ത് തുടങ്ങി ഒരിടത്ത് അവസാനിക്കുന്ന ഒരു പ്രക്രിയയല്ല. അത് ഓരോ നിമിഷവും വളർന്നുകൊണ്ടിരിക്കുന്ന ഒരു മൂല്യവ്യവസ്ഥയാണ്. ജനാധിപത്യത്തെ കൂടുതൽ വികസിപ്പിക്കുന്ന നിയമനിർമ്മാണങ്ങൾ യാഥാർത്ഥ്യ മാകുമ്പോഴാണ് ജനതയുടെ ജീവിതം നിർഭയവും സ്വതന്ത്രവും സൗകര്യപ്രദവുമാകുന്നത്. അതിന് പതിനാലാം നിയമസഭയ്ക്ക് സാധിക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. പ്രതിപക്ഷത്തിന്റെ ശബ്ദവും അവകാശങ്ങളും സംരക്ഷിക്കപ്പെടണം. അത് സംരക്ഷിക്കപ്പെടുകതന്നെ ചെയ്യും. അതോടൊപ്പം സർക്കാരിന്റെ കാര്യങ്ങൾ യഥാസമയം നടത്തിക്കൊണ്ടുപോകാനും സഭാദ്ധ്യക്ഷന് ബാധ്യതയുണ്ട്. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. രാവിലെ 8.30-ന് ആരംഭിക്കുന്ന നമ്മുടെ നിയമസഭാ രീതിയെക്കുറിച്ച് കൗതുകത്തിനായി ഒരന്വേഷണം നടത്തിയപ്പോൾ

മാധ്യമപ്രധാനമായ നമ്മുടെ സംസ്കാരം വെളിപ്പെടുകയുണ്ടായി. വൈകിട്ട് 5.30-ന് അച്ചടി ആരംഭിച്ചിരുന്ന പത്രങ്ങൾക്ക് അതുവഴി കേരള ജനതയ്ക്ക് വാർത്തകൾ ലഭ്യമാക്കാൻ വേണ്ടിയായിരുന്നു എന്ന കൗതുകകരമായ ചരിത്രമാണ് മനസ്സിലാക്കാൻ സാധിച്ചത്. സഭയുടെ സ്വരം ജനങ്ങളിലേക്കെത്തിക്കാനുള്ള ഈ കുതൂഹലം ഇന്നും സജീവമാണ്. ഗൃഹപാഠത്തിനും ആധികാരികതയ്ക്കും സംവാദ സംസ്കാരത്തിനും പ്രാമുഖ്യം നൽകുന്നൊരു രീതി നിയമസഭയെ സംബന്ധിച്ചുള്ള പ്രതീക്ഷയാണ് വർദ്ധിപ്പിക്കുകയെന്ന് ഓർക്കണം. സംവാദ സംസ്കാരത്തിനുവേണ്ടി സ്വയം സജ്ജരാകാൻ നിയമസഭയിലെ പുതുമുഖങ്ങളോട് ഞാൻ അഭ്യർത്ഥിക്കുന്നു. ജനതയ്ക്ക് നിർഭയത്വവും യുക്തിബോധഭദ്രതയും പ്രദാനം ചെയ്യുന്ന നിയമസഭയായി ഈ സഭ മാറട്ടെ എന്നാഗ്രഹിക്കുന്നു. ഗൃഹപാഠം ചെയ്യുക, സംക്ഷിപ്തമാക്കുക, ആധികാരികമാകുക, സംവാദ സംസ്കാരം ഉറപ്പാക്കുക എന്നിവ പുതിയ അംഗങ്ങൾക്ക് നിയമസഭ ഊർജ്ജസ്വലമായ ഒരനുഭവമായി തീരും. അതിനാൽ ചെയർ അഭ്യർത്ഥിക്കുന്നു 'be telegraphic, be telegramic' എന്ന്. എല്ലാ സാമാജികരോടും ഒരിക്കൽക്കൂടി ഹൃദയംനിറഞ്ഞ നന്ദി അറിയിച്ചു കൊണ്ട് സഭയുടെ സുഗമമായ നടത്തിപ്പിന് എല്ലാവരുടെയും സർവ്വാത്മനയുള്ള പിന്തുണ അഭ്യർത്ഥിച്ചുകൊണ്ട് ഞാനവസാനിപ്പിക്കുന്നു.

ഓർഡർ.....ഓർഡർ... ഈ നിയമസഭയിലെ പ്രതിപക്ഷ പാർട്ടികളിൽ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ള പാർട്ടി ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയാണ്. അതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 2(1) അനുസരിച്ച് പ്രസ്തുത പാർട്ടിയുടെ നേതാവായ ശ്രീ. രമേശ് ചെന്നിത്തലയെ സഭയിലെ പ്രതിപക്ഷ നേതാവായി ഞാൻ അംഗീകരിച്ചിരിക്കുന്നു.

യു.ഡി.എഫ്.-ന്റെ പാർലമെന്ററി പാർട്ടി യോഗം ഉപനേതാവായി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ തെരഞ്ഞെടുത്ത വിവരവും സഭയെ അറിയിക്കുന്നു.

എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കുംവേണ്ടി നിയമസഭാ ലോഞ്ചിൽ ചായസൽക്കാരം അറേഞ്ച് ചെയ്തിട്ടുണ്ട്. അതിൽക്കൂടി പങ്കാളികളാകണമെന്നഭ്യർത്ഥിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും 2016 ജൂൺ 24-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ജൂൺ മാസം 24-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 10.32-ന് പിരിഞ്ഞു)

---